ALL INDIA RADIO Calicut
REGIONAL NEWS UNIT
ആകാശവാണി കോഴിക്കോട്
പ്രാദേശിക വാർത്തകൾ
തീയതി: 24-03-2018 സമയം: 06.45 am

## പ്രധാന വാർത്തകൾ

- രാജ്യസഭാ തെരഞ്ഞെടുപ്പിൽ 12 ഇടത്ത് ബി.ജെ.പിക്ക് വിജയം
- കേന്ദ്രഗവൺമെന്റിനെതിരെ ലോക്സഭയിൽ കോൺഗ്രസും അവിശ്വാസ പ്രമേയത്തിന് നോട്ടീസ് നൽകി
- തെരഞ്ഞെടുപ്പ് പരാജയങ്ങളിലെ നിരാശമൂലം പ്രതിപക്ഷം കേന്ദ്രത്തിനെതിരെ കള്ളങ്ങൾ പ്രചരിപ്പിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി കുറ്റപ്പെടുത്തി
- ആഗോള ഡിജിറ്റൽ ഉച്ചകോടി- ഹാഷ് ഫ്യൂച്ചർ കൊച്ചിയിൽ സമാപിച്ചു
- ലോകക്ഷയരോഗ ദിനാചരണത്തിന്റെ സംസ്ഥാനതല പരിപാടി കണ്ണൂരിൽ മന്ത്രി കെ.കെ ശൈലജ ഉദ്ഘാടനം ചെയ്യും
- ആഗോളതാപനം നേരിടാൻ ഇന്ന് ലോകവ്യാപകമായി ഭൗമമണിക്കൂർ ആചരിക്കും
- സന്തോഷ്ട്രോഫി ഫുട്ബോളിൽ കേരളത്തിന് തകർപ്പൻ വിജയം

RNU CALICUT

ഏഴ് സംസ്ഥാനങ്ങളിലെ 25 രാജ്യസഭാ സീറ്റുകളിൽ നടന്ന തെരഞ്ഞെടുപ്പിൽ ബി.ജെ.പി 12 സീറ്റുകളിൽ വിജയിച്ചു. അഞ്ചിടത്ത് കോൺഗ്രസിനാണ് വിജയം. ഉത്തർപ്രദേശിൽ പത്തിൽ ഒമ്പത് സീറ്റും പിടിച്ചെടുത്ത ബി.ജെ.പി ലോക്സഭാ ഉപതെരഞ്ഞെടുപ്പിൽ നേരിട്ട പരാജയത്തിന് തിരിച്ചടി നൽകി. എട്ട് സീറ്റ് മാത്രം ഉറപ്പുണ്ടായിരുന്ന ബി.ജെ.പി, എസ്.പി-ബി.എസ്.പി സഖ്യത്തിൽ നിന്ന് ഒമ്പതാംസീറ്റും പിടിച്ചെടുക്കുകയായിരുന്നു. നേരത്തെ 33 സീറ്റുകളിൽ സ്ഥാനാർത്ഥികളെ എതിരില്ലാതെ തെരഞ്ഞെടുത്തിരുന്നു. ഇതോടെ ഒഴിവുവന്ന 58 സീറ്റുകളിൽ 28 എണ്ണം ബി.ജെ.പിക്കും പത്തെണ്ണം കോൺഗ്രസിനും ലഭിച്ചു. തൃണമൂൽ നാലും ടി.ആർ.എസ് മൂന്നും കക്ഷിരഹിതരും മറ്റ് കക്ഷികളും 14 സീറ്റും നേടി. രാജ്യസഭാ തെരഞ്ഞെടുപ്പിൽ വിജയിച്ച എല്ലാ

വരെയും പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു.

കേന്ദ്ര ഗവൺമെന്റിനെതിരെ ലോക്സഭയിൽ കോൺഗ്രസും അവിശ്വാസപ്രമേയത്തിന് നോട്ടീസ് നൽകി. ലോക്സഭ ഇനി ചേരുന്ന ചൊവ്വാഴ്ച അവിശ്വാസപ്രമേയ നോട്ടീസ് പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് ലോക്സഭയിലെ കക്ഷിനേതാവ് മല്ലികാർജ്ജുൻ ഖാർഗെയാണ് അവിശ്വാസ പ്രമേയ നോട്ടീസ് നൽകിയത്.

തെരഞ്ഞെടുപ്പ് പരാജയങ്ങളിലെ നിരാശമൂലം പ്രതിപക്ഷം കേന്ദ്ര ഗവൺമെന്റിനെതിരെ കള്ളങ്ങൾ പ്രചരിപ്പിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി കുറ്റപ്പെടുത്തി. സത്യം ജനങ്ങളിലെത്തിക്കാനും പ്രതിപക്ഷത്തിന്റെ വ്യാജ പ്രചാരണം തുറന്ന് കാട്ടാനും ബി.ജെ.പി എം.പിമാർ ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തണമെന്നും പ്രധാനമന്ത്രി ആവശ്യപ്പെട്ടു. ന്യൂഡൽഹിയിൽ ബി.ജെ.പി പാർലമെന്ററി പാർട്ടി യോഗത്തിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി ഏപ്രിൽ 14നും മെയ് 5നും ഇടയിലെ ദിവസങ്ങൾ ഗ്രാമസ്വരാജ് അഭിയാനായി ആചരിക്കാനും യോഗം തീരുമാനിച്ചു. ബി.ആർ അംബേദ്കറുടെ ജന്മദിനമായ ഏപ്രിൽ 14ന് ആരംഭിക്കുന്ന ദിനാചരണ പരിപാടികൾ മെയ് 5ന് സമാപിക്കും.

ആഗോള ഡിജിറ്റൽ ഉച്ചകോടി 'ഹാഷ് ഫ്യൂച്ചർ' കൊച്ചിയിൽ സമാപിച്ചു. ലോകം ഡിജിറ്റൽ ഭാവിയിലേക്ക് നീങ്ങുന്ന സാഹചര്യത്തിൽ രാജ്യത്തിനുവേണ്ടി എന്ത് സംഭാവന നൽകാൻ കഴിയുമെന്ന് ഐ.ടി സമൂഹം ചിന്തിക്കണമെന്ന് സമാപന സമ്മേളനത്തിൽ കേന്ദ്രമന്ത്രി അൽഫോൻസ് കണ്ണന്താനം ആവശ്യപ്പെട്ടു. സമൂഹനന്മയ്ക്ക് പ്രയോജനം ചെയ്യുന്നതാവണം സാങ്കേതികവിദ്യകളെന്നും അദ്ദേഹം പറഞ്ഞു. ഡിജിറ്റൽ വികസനത്തിന് രാഷ്ട്രീയം തടസ്സമല്ലെന്ന് ചടങ്ങിൽ പങ്കെടുത്ത പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. രണ്ടുദിവസത്തെ ഉച്ചകോടിയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി 2100 പ്രതിനിധികൾ പങ്കെടുത്തു.

ലോക ക്ഷയരോഗ ദിനാചരണത്തിൻെറ സംസ്ഥാനതല ചടങ്ങ് രാവിലെ കണ്ണൂരിൽ മന്ത്രി കെ.കെ. ശൈലജ ഉദ്ഘാടനം ചെയ്യും. ഗുരുതര ക്ഷയരോഗം കണ്ടെത്താൻ സഹായിക്കുന്ന മൊബൈൽ ടി.ബി ലാബ് പി.കെ. ശ്രീമതി എം.പിയും ഉദ്ഘാടനം ചെയ്യും. ക്ഷയരോഗ ബാധിതരുടെ എണ്ണം സംസ്ഥാനത്ത് വർഷം തോറും നാല് ശതമാനം എന്ന നിരക്കിൽ കുറയുന്നുണ്ട്.

RVU CALICUT

✪✪⌛⌛⌛✪✪

സ്ഥിരംതൊഴിലിന് പകരം കരാർ തൊഴിലും നിശ്ചിതകാല തൊഴിലും ഏർപ്പെടുത്തിയ കേന്ദ്ര ഗവൺമെന്റ് രാജ്യത്തെ തൊഴിൽ സുരക്ഷ അട്ടിമറിച്ചതായി സി.ഐ.ടി.യു ദേശീയ പ്രസിഡന്റ് ഡോക്ടർ ഹേമലത കോഴിക്കോട്ട് കുറ്റപ്പെടുത്തി. സി.ഐ.ടി.യു അഖിലേന്ത്യാ ജനറൽ കൗൺസിലിൽ അധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു അവർ. ജനറൽ സെക്രട്ടറി തപൻ സിൻഹ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ജനറൽ കൗൺസിൽ മറ്റന്നാൾ വൈകീട്ട് കോഴിക്കോട്ട് റാലിയോടെ സമാപിക്കും.

✪✪⌛⌛⌛✪✪

രാസവളം കലരാത്ത നാടൻ പച്ചക്കറി ലഭ്യമാക്കാൻ നാടാകെ ഞാറ്റുവേല ചന്തകൾ തുടങ്ങുമെന്ന് മന്ത്രി വി.എസ്. സുനിൽകുമാർ പറഞ്ഞു. കൊല്ലം മൺട്രോതുരുത്ത് പഞ്ചായത്ത് കൃഷിഭവൻ കെട്ടിടം നാടിന് സമർപ്പിക്കുകയായിരുന്നു അദ്ദേഹം. കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായി കർഷകരിലേക്കെത്തിക്കാൻ ജൂലൈ മുതൽ വാർഡുതല കർഷകസഭകൾ സംസ്ഥാനത്താകെ നടത്തുമെന്നും മന്ത്രി അറിയിച്ചു.

✪✪⌛⌛⌛✪✪

സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ഓഫീസുകളും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി നവീകരിക്കുമെന്ന് മന്ത്രി ഇ. ചന്ദ്രശേഖരൻ പറഞ്ഞു. കൊല്ലം പൂയപ്പള്ളി വില്ലേജ് ഓഫീസിന്റെ നവീകരിച്ച കെട്ടിടം നാടിന് സമർപ്പിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങളുടെ കൂടി സഹായത്തോടെയായിരിക്കും ഓഫീസുകളുടെ നവീകരണം.

✪✪⌛⌛⌛✪✪

ആഗോളതാപനത്തെയും കാലാവസ്ഥാ വ്യതിയാനത്തെയും നേരിടാൻ ഇന്ന് ലോകവ്യാപകമായി ഭൗമമണിക്കൂർ ആചരിക്കും. രാത്രി എട്ടര മുതൽ ഒൻപതര വരെയാണ് വിളക്കുകൾ അണച്ചും വൈദ്യുതി ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാതെയും ഭൗമമണിക്കൂർ ആചരിക്കുന്നത്. ലോകത്തോടൊപ്പം കേരളവും ഭൗമമണിക്കൂർ ആചരണത്തിന് മുന്നോട്ടു വരണമെന്ന് ഗവർണർ പി. സദാശിവം ആഹ്വാനം ചെയ്തു.

✪✪⌛⌛⌛✪✪

സന്തോഷ്ട്രോഫി ഫുട്ബോളിൽ കേരളത്തിന് തകർപ്പൻ വിജയം. കരുത്തരായ മണിപ്പൂരിനെ കൊൽക്കത്തയിൽ ഇന്നലെ ആറുഗോളിന് തോൽപ്പിച്ചു. ഇതോടെ കേരളം സെമിഫൈനൽ സാധ്യത ശക്തമാക്കി. നാളെ കേരളം മഹാരാഷ്ട്രയെ നേരിടും.

✪✪⌛⌛⌛✪✪

RNU CALICUT

വിജയവാഡയിൽ അണ്ടർ 23 വനിതാ ട്വന്റി-20 ക്രിക്കറ്റിൽ കേരളം ക്വാർട്ട റിലെത്തി. അവസാന ലീഗ് മത്സരത്തിൽ കർണാടകയെ അഞ്ച് വിക്കറ്റിനാണ് കേരളം തോൽപ്പിച്ചത്.

ദേശീയപാതാ വികസനത്തിനായി മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്ത് നിന്നാരംഭിച്ച ജോലികൾ ഇന്ന് വളാഞ്ചേരി നഗരസഭാ പരിധിയിൽ പ്രവേശി ക്കും. കഴിഞ്ഞ അഞ്ചുദിവസം കൊണ്ട് നാല് കിലോമീറ്റർ ദൂരത്തിലാണ് സർവ്വേ പൂർത്തിയായത്. വളാഞ്ചേരി ടൗൺ, കാവുംപുറം, വട്ടപ്പാറ വളവ് എന്നിവ ഒഴിവാക്കിയായിരിക്കും പുതിയ ദേശീയപാത കടന്നുപോവുക. അതി നിടെ സർവേ നടത്തി സ്ഥാപിച്ച കല്ലുകൾ എടുത്തുമാറ്റുന്നവർക്കെതിരെ ക്രിമിനൽ കേസെടുക്കാൻ ഗവൺമെന്റ് പൊലീസിന് നിർദ്ദേശം നൽകി.

പാലക്കാട് ധോണി വനമേഖലയിൽനിന്നും നാട്ടിലിറങ്ങിയ കാട്ടാനകളെ കാട്ടിലേക്ക് തിരിച്ചുകയറ്റാൻ ശ്രമം തുടരുന്നു. മുണ്ടൂരിൽ നിന്നും ജനവാസ മേഖലയിലൂടെ നീങ്ങിയ കാട്ടാനകൾ ഇന്നലെ ഭാരതപ്പുഴയുടെ തീരത്ത് എത്തി യിരുന്നു. മുതലമട, ചെമ്മണാംപതി ഭാഗത്തും ആനകളിറങ്ങി ആദിവാസിക ളുടെ വീടുകൾ തകർത്തു.

കാഞ്ഞങ്ങാട്ട് സംസ്ഥാന പോളി കലോത്സവത്തിലെ സ്റ്റേജിതര മത്സര ങ്ങൾ പൂർത്തിയായപ്പോൾ 75 പോയിന്റോടെ പെരിന്തൽമണ്ണ പോളിടെക്നിക് മുന്നിട്ടുനിൽക്കുന്നു. സ്റ്റേജ് മത്സരങ്ങൾ ഇന്നാരംഭിക്കും. നാളെ സമാപിക്കും. 66 പോളിടെക്നിക്കുകളിൽ നിന്നായി ആറായിരത്തിലേറെ വിദ്യാർത്ഥികൾ മേളയിൽ പങ്കെടുക്കുന്നുണ്ട്.

കണ്ണൂരിൽ മലബാർ സാംസ്കാരിക പൈതൃകോൽസവംവൈകീട്ട് നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷനായിരിക്കും. ചരിത്രപൈതൃക പ്രദർശനം മന്ത്രി കെ. കെ. ശൈലജ ഉദ്ഘാടനം ചെയ്യും. ഈമാസം 26 വരെയാണ് പൈതൃകോത്സവം.

സാക്ഷരതാ മിഷൻ ആരംഭിച്ച 'സമഗ്ര' ആദിവാസി സാക്ഷരതാ പദ്ധ തിയിൽ 350 ആദിവാസി ഇൻസ്ട്രക്ടർമാർക്ക് നൽകുന്ന സാമൂഹ്യ സാക്ഷ രതാ പരിശീലന പരിപാടി ഉച്ചയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാ ടനം ചെയ്യും. സാക്ഷരതാ സർവേ പൂർത്തിയാക്കിയ നൂറ് കോളനികളിൽ



RNU CALICUT

അടുത്തമാസം ക്ലാസുകൾ തുടങ്ങുമെന്ന് അധികൃതർ അറിയിച്ചു.

✪✪⌛⌛⌛✪✪

ഉത്തരവാദിത്വ ടൂറിസം പദ്ധതിയുടെ ഭാഗമായി കോഴിക്കോട്ട് മാമ്പുഴ, ചാലിയാർ ജലായനം ടൂറിസം പദ്ധതി മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഇന്ന് ഉദ്ഘാടനം ചെയ്യും. കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണ ത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

✪✪⌛⌛⌛✪✪

അട്ടപ്പാടിയിൽ ഗുരുതരമായ മനുഷ്യാവകാശ ലംഘനം നടക്കുന്നതായി പ്രദേശം സന്ദർശിച്ച ബി.ജെ.പി പ്രതിനിധി സംഘം ആരോപിച്ചു. 1964 മുതൽ നടപ്പാക്കിയ പദ്ധതികളെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് അവർ ആവ ശ്യപ്പെട്ടു. പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി കെ. സുരേന്ദ്രന്റെ നേതൃത്വ ത്തിലാണ് പ്രതിനിധി സംഘം വിവിധ ഊരുകൾ സന്ദർശിച്ചത്.

✪✪⌛⌛⌛✪✪

നിയമം എവിടെ അവസാനിക്കുന്നുവോ അവിടെ ഏകാധിപത്യം പിടി മുറുക്കുമെന്ന് ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആന്റണി ഡൊമനിക്ക് പറഞ്ഞു. കൊച്ചിയിൽ സംസ്ഥാന പ്രോസിക്യൂട്ടർമാരുടെ പരിശീലന ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു ചീഫ് ജസ്റ്റിസ്.

✪✪⌛⌛⌛✪✪

ഇന്നലെ അന്തരിച്ച സാഹിത്യകാരനും പ്രശസ്ത വിവർത്തകനുമായ പാല ക്കാട് ധോണി സൂര്യനഗർ തെക്കേപ്പാട്ട് വീട്ടിൽ എം.ടി നാരായണൻ നായ രുടെ സംസ്കാരം ഇന്ന് രാവിലെ പാമ്പാടി ഐവർമഠത്തിൽ നടത്തും. കഥ കളും നോവലുകളും ഉൾപ്പെടെ നാല്പതോളം കൃതികൾ രചിച്ച അദ്ദേഹം തമിഴ്, ഇംഗ്ലീഷ്, ജാപ്പാനീസ്, ചൈനീസ് ഭാഷകളിലെ കൃതികൾ മലയാള ത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

✪✪⌛⌛⌛✪✪

കണ്ണൂർ കീഴാറ്റൂരിലെ വയൽക്കിളികളുടെ സമരത്തിനെതിരെ സി.പി.ഐ. എമ്മിന്റെ നാട്കാവൽ സമരം ഇന്ന് നടക്കും. വയൽക്കിളികളുടെ രണ്ടാം ഘട്ട സമരം നാളെ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. അതിനിടെ സമര പ്രഖ്യാ പനത്തിന്റെ അടിസ്ഥാനത്തിൽ പൊലീസ് ഇന്ന് രാവിലെ തളിപ്പറമ്പിൽ സർവ്വ കക്ഷിയോഗം വിളിച്ചു. ശക്തമായ പൊലീസ്സുരക്ഷ പ്രദേശത്ത് ഒരുക്കിയി ട്ടുണ്ട്.

✪✪⌛⌛⌛✪✪

കീഴാറ്റൂർ സമരത്തെ അനുകൂലിച്ച് പുറമെനിന്ന് ആരും വരാതിരിക്കാ നാണ് സി.പി.ഐ.എം സമരപ്പന്തലെന്ന പേരിൽ ചെക്ക്പോസ്റ്റ് നിർമ്മിക്കുന്ന

RNU CALICUT

തെന്ന് ബി.ജെ.പി കാസർകോട് ജില്ലാ പ്രസിഡന്റ് കെ.ശ്രീകാന്ത് ആരോപിച്ചു. കർഷകവിരുദ്ധ നയമാണ് സി.പി.ഐ.എമ്മും ഇടത് ഗവൺമെന്റും സ്വീകരിക്കുന്നതെന്ന് അദ്ദേഹം തൃക്കരിപ്പൂരിൽ കുറ്റപ്പെടുത്തി.

✪✪⌛⌛✪✪

കേരള സർവ്വകലാശാല യുവജനോത്സവത്തിലെ മത്സരങ്ങൾ സമാപിച്ചു. പുലർച്ചെ അവസാനിച്ച സംഘനൃത്തത്തോടെയാണ് മത്സരങ്ങൾക്ക് തിരശ്ശീല വീണത്. 84 ഇനങ്ങളുടെ ഫലം പ്രഖ്യാപിച്ചപ്പോൾതന്നെ തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ് 188 പോയിന്റുമായി ഒന്നാംസ്ഥാനത്തുണ്ട്. സമാപനസമ്മേളനവും സമ്മാനവിതരണവും ഇന്ന് വൈകിട്ട് പ്രധാനവേദിയായ കൊല്ലം ശ്രീനാരായണ കോളേജിലെ ഒ.എൻ.വി നഗറിൽ നടക്കും.

✪✪⌛⌛✪✪

കേരള ബ്ലോഗ് എക്സ്പ്രസ്സ് സീസൺ അഞ്ചിന്റെ ഭാഗമായി അമേരിക്ക, ബ്രിട്ടൺ, പോർച്ചുഗൽ, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് എത്തിയ 28 രാജ്യാന്തര ബ്ലോഗെഴുത്തുകാർ സംസ്ഥാന ടൂറിസം വകുപ്പിന്റെ അതിഥികളായി മൂന്നാറിലെത്തി. രണ്ടു ദിവസം ഇവർ മൂന്നാറിൽ ചെലവഴിക്കും.

✪✪⌛⌛✪✪

പ്രശസ്തമായ അങ്ങാടിപ്പുറം തിരുമാന്ധാംകുന്ന് പൂരാഘോഷത്തിന് ഇന്ന് തുടക്കമാവും. 11 ദിവസത്തെ പൂരം വള്ളുവനാടിന്റെ നാട്ടുത്സവമായാണ് അറിയപ്പെടുന്നത്.

✪✪⌛⌛✪✪

അന്തരിച്ച പ്രമുഖ ഫുട്ബോൾ പരിശീലകനും മുൻ ടൈറ്റാനിയം താരവുമായ ഒ.കെ തിലകന്റെ മൃതദേഹം ഇന്ന് രാവിലെ കണ്ണൂർ പയ്യാമ്പലത്ത് സംസ്ക്കരിക്കും. കഴിഞ്ഞദിവസം ബഹ്റൈനിലാണ് അദ്ദേഹം അന്തരിച്ചത്.

✪✪⌛⌛✪✪✪✪✪⌛⌛✪✪

RNU CALICUT